# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2835 14.02.2013-ൽ മറുപടിയ്ക്ക്

## ബെനിഫിഷറി ഓറിയന്റഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന ബെനിഫിഷറി ഓറിയന്റഡ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ബെനിഫിഷറി ഓറിയന്റഡ് പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി എന്നത് വ്യക്തമാക്കുമോ? | | |

Sd/- K.J

സെക്ഷൻ ഓഫീസർ

## അനുബന്ധം

**(1) ടോയ്‌ലറ്റ് പദ്ധതി**

സംസ്ഥാനത്ത് നിലവിൽ വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനം ഇല്ലാത്ത പട്ടികജാതിയിൽപ്പെട്ട 25000 കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 25000/- രൂപ വച്ച് ശുചിത്വ കക്കൂസ് പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിച്ചു നൽകിയിട്ടുണ്ട്.

**(2) ചികിത്സാ ധനസഹായം**

10,000/- രൂപ വരെ ഡയറക്ടർ തലത്തിലും 10,000/-ത്തിന് മുകളിൽ ഒരു ലക്ഷം രൂപവരെ സർക്കാർ തലത്തിലും 5000/- രൂപവരെ ജില്ലാ ഓഫീസിലും ചികിത്സാ ധനസഹായ തുക അനുവദിച്ചു വരുന്നുണ്ട്.

**(3) വീട്**

ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം വകുപ്പിൽനിന്നും വീട് വയ്ക്കുന്നതിനായി 2 ലക്ഷം രൂപ വരെ നിലവിൽ അനുവദിച്ചു വരുന്നു.

**(4) ഭൂമി**

ഭൂരഹിത ഭവനരഹിത പട്ടികജാതി കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 1,50,000/- രൂപയും മുൻസിപ്പാലിറ്റിയിൽ ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് 1.75 ലക്ഷം രൂപയും കോർപ്പറേഷനിൽ ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് 2,00,000/- രൂപയും അനുവദിച്ചു വരുന്നുണ്ട്.

**(5) വിവാഹധനസഹായം**

പാവപ്പെട്ട പട്ടികജാതിയിലെ കുടുംബത്തിലെ പെൺകുട്ടികളെ വിവാഹം ചെയ്ത് അയക്കുന്നതിലേയ്ക്കായി വകുപ്പിൽ നിന്നും 50,000/- രൂപ വാർഷിക കുടുംബ വരുമാന പരിധിയിൽ 50,000/- രൂപ അനുവദിച്ചു വരുന്നു.

**(6) മിശ്രവിവാഹധനസഹായം**

വകുപ്പിൽ നിന്നും മിശ്രവിവാഹധനസഹായമായി 40,000/- രൂപ വാർഷിക കുടുംബ വരുമാന പരിധിയിൽ 50,000/- രൂപ അനുവദിച്ചു വരുന്നുണ്ട്.

(7) ദുർബ്ബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി

പട്ടികജാതിക്കാരിൽ തന്നെ പിന്നോക്കം നിൽക്കുന്ന നായാടി, വേടൻ, വേട്ടുവൻ, കല്ലാടി, അരുന്ധതിയാർ/ചക്ലിയൻ എന്നീ വിഭാഗക്കാർക്ക് ഭൂമിയും വീടും ഒരൊറ്റ യൂണിറ്റായി നൽകിക്കൊണ്ട് (കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 2,50,000/- രൂപയും വീടിന് 2,00,000/- രൂപയും) 4,50,000/- രൂപ അനുവദിച്ചുവരുന്നതോടൊപ്പം ഇവർക്ക് ചികിത്സ, വൈദ്യുതി, വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.

അതിക്രമങ്ങൾക്കിരയാകുന്ന പട്ടികജാതിക്കാർക്ക് ധനസഹായം വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നു.

(8) പരിശീലന പരിപാടി

പട്ടികജാതി മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് സർക്കാർ സർക്കാർ ഇതര സ്ഥാപനങ്ങളിലേയ്ക്കും ജോലിക്കായി തെരഞ്ഞെടുക്കുന്നതിന് 6 മാസക്കാലത്തെ പരിശീലനം നൽകി വരുന്നുണ്ട്.

(9) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം

വിവിധ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റും, ലംപ്സംഗ്രാന്റും വിതരണം നടത്തുന്ന പദ്ധതി നിലവിലുണ്ട്.

(10) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം

മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് മെരിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നതും, കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കുറവുള്ളതുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ പഠനത്തിന്റെ പ്രാഥമിക ചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി യഥാക്രമം 10,000/-, 5,000/- എന്നിങ്ങനെയുള്ള തുക വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നു.

(11) സ്വയം തൊഴിൽ പദ്ധതി

അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ പട്ടികജാതി യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം ലഭ്യമാകുന്ന ബാങ്ക് വായ്പയുടെ മൂന്നിലൊന്ന് തുക സബ്സിഡിയായി ബാങ്കിന് അനുവദിക്കുന്ന പദ്ധതിയും വകുപ്പ് നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് ഒരു ലക്ഷം രൂപ വരെയും 5 പേർ അടങ്ങുന്ന ഗ്രൂപ്പിന് 3.50 ലക്ഷം രൂപ വരെയും സബ്സിഡിയായി അനുവദിക്കുന്നു.

Balan K.J
സെക്ഷൻ ഓഫീസർ